# കേരള സർക്കാർ

സംഗ്രഹം

മങ്കൊമ്പ്, ചമ്പക്കുളം സബ്ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ളതും അസൽ രസീത് നഷ്ടപ്പെട്ടതുമായ തിരഞ്ഞെടുപ്പ് രേഖകൾ തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ.(സാധാ) നമ്പർ. 2154/17/ധന. തീയതി, തിരുവനന്തപുരം, 17.3.2017.

---

പരാമർശം :- ആലപ്പുഴ ജില്ലാ കളക്ടറുടെ 22.2.2017 - ലെ എം.2-30000/15 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 - ൽ നടന്ന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ള കാലാവധി കഴിഞ്ഞ തിരഞ്ഞെടുപ്പ് രേഖകൾ നശിപ്പിക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ട്രഷറിയിൽ നിന്നുള്ള കൈപ്പറ്റ് രസീത് നഷ്ടപ്പെട്ടതിനാൽ ടി രേഖകൾ നശിപ്പിക്കുന്നതിന് സാധിക്കുന്നില്ലായെന്ന് മുട്ടാർ ഗ്രാമപഞ്ചായത്ത്, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് വരണാധികാരികൾ അറിയിച്ചിരിക്കുന്നതിനാൽ തിരഞ്ഞെടുപ്പ് രേഖകൾ മങ്കൊമ്പ്, ചമ്പക്കുളം സബ്ട്രഷറികളിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശം നല്കണമെന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മങ്കൊമ്പ്, ചമ്പക്കുളം സബ് ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ള മേൽ സൂചിപ്പിച്ചിരിക്കുന്ന തിരഞ്ഞെടുപ്പ് രേഖകൾ അസൽ രസീത് തിരികെ ലഭിക്കുവാൻ കഴിയാത്ത വിധം നഷ്ടപ്പെട്ടുവെന്ന ബന്ധപ്പെട്ട വരണാധികാരികളുടെ സത്യവാങ്മൂലം ഒപ്പിട്ട് വാങ്ങിയശേഷം തിരികെ നൽകുന്നതിന് മങ്കൊമ്പ്, ചമ്പക്കുളം സബ്ട്രഷറി ഓഫീസർമാർക്ക് കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 158(1) - ന് ഇളവ് വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**എ. എം. ജാഫർ,**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
സബ് ട്രഷറി ഓഫീസർ, മങ്കൊമ്പ്, ആലപ്പുഴ ജില്ല.
സബ് ട്രഷറി ഓഫീസർ, ചമ്പക്കുളം, ആലപ്പുഴ ജില്ല.
സെക്രട്ടറി, മുട്ടാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
സെക്രട്ടറി, ചമ്പക്കുളം ബ്ളോക്ക് പഞ്ചായത്ത്, ആലപ്പുഴ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ